**പതിമൂന്നാം കേരള നിയമസഭ**

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.698 — 11.03.2015-ൽ മറുപടിയ്ക്ക്

## ഞാറക്കൽ സർക്കാർ ആശുപത്രിയിൽ ഡോക്ടർമാരുടെ ഒഴിവ്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എസ്.ശർമ്മ** | **ശ്രീ. വി.എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)** |

| | | | |
|---|---|---|---|
| (എ) | വൈപ്പിൻ മണ്ഡലത്തിലെ ഞാറക്കൽ സർക്കാർ ആശുപത്രിയിൽ ഡോക്ടർമാരുടെ എത്ര തസ്തികകളാണ് ഉള്ളതെന്നും നിലവിൽ ഈ ആശുപത്രിയിൽ എത്ര ഡോക്ടർമാരുടെ സേവനമാണ് ലഭ്യമായിട്ടുള്ളതെന്നും വ്യക്തമാക്കാമോ; | (എ) | സിവിൽ സർജന്റെ ഒന്നും അസിസ്റ്റന്റ് സർജന്റെ അഞ്ചും തസ്തികകളാണ് അനുവദിച്ചിട്ടുള്ളത്. നിലവിൽ ടി തസ്തികകളിലെല്ലാം ഡോക്ടർമാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. |
| (ബി) | ദീർഘനാളുകളായി ഡോക്ടർമാരെ നിയമിക്കാത്തതു മൂലം ആശുപത്രിയുടെ പ്രവർത്തനം അവതാളത്തിലായിട്ടും ആവശ്യത്തിന് ഡോക്ടർമാരെ നിയമിക്കാത്തത് എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | ഞാറക്കൽ സർക്കാർ ആശുപത്രിയിൽ അനുവദിക്കപ്പെട്ട സിവിൽ സർജന്റെ ഒരു തസ്തികയിലും അസിസ്റ്റന്റ് സർജന്റെ അഞ്ച് തസ്തികകളിലും ഡോക്ടർമാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ എൻ.ആർ.എച്ച്.എം മുഖേന മൂന്ന് ഡോക്ടർമാരുടെയും അഡ്ഹോക്ക് വ്യവസ്ഥയിൽ ഒരു ഡോക്ടറുടെയും സേവനവും ലഭ്യമാക്കിയിട്ടുണ്ട്. |
| (സി) | നിലവിൽ ആശുപത്രിയിൽ പോസ്റ്റ്മോർട്ടം ചെയ്യുന്നതിനുള്ള സൗകര്യം ഉണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്നും അവസാനമായി പോസ്റ്റ്മോർട്ടം നടത്തിയ തീയതിയെന്നെന്നും വിശദമാക്കുമോ; | (സി) | നിലവിൽ ഞാറക്കൽ ആശുപത്രിയിൽ പോസ്റ്റ്മോർട്ടം ചെയ്യുന്നതിന് സൗകര്യം ഉണ്ട്. |
| (ഡി) | ആശുപത്രിയുടെ പ്രവർത്തനം സുഗമമാക്കുന്നതിന് സ്വീകരിച്ച നടപടിയെന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ? | (ഡി) | ഞാറക്കൽ ആശുപത്രിയുടെ അടിസ്ഥാന സൗകര്യ വികസനത്തിന് ജി.ഐ.ഡി.എ യിൽ നിന്നും 5 കോടി രൂപ ഉപയോഗിച്ച് കെട്ടിടം പണിയുന്നതിന് തീരുമാനമായിട്ടുണ്ട്. ജില്ലാ കളക്ടർ അദ്ധ്യക്ഷനായുള്ള ജി.ഐ.ഡി.എ -ക്കാണ് ഇതിന്റെ ചുമതലകൾ നൽകിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ